ഉത്തരം

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം 31-5-1985 വരെ ഓരോ മന്ത്രിക്കും ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥൻ മാർക്കും ടെലഫോൺ ചാർജിനത്തിൽ ചെലവായ തുക നക്ഷത്രചിഹ്നമിടാത്ത 6-ാം നമ്പർ ചോദ്യത്തിന് 1-7-1985-ൽ മറുപടി നല്കിയിട്ടുണ്ട്. 1-2-1985 മുതൽ 28-2-1986 വരെ ടെലഫോൺ ചാർജിനത്തിൽ ചെലവായ തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

മന്ത്രിമാരും കുടുംബാംഗങ്ങളും വാങ്ങിയ മെഡിക്കൽ ആനുകൂല്യം

10 [12] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിയും മന്ത്രിയുടെ കുടുംബാംഗങ്ങളും മെഡിക്കൽ ആനുകൂല്യ ഇനത്തിൽ ഖജനാവിൽ നിന്ന് വാങ്ങിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ അധികാരത്തിലുള്ള ഓരോ മന്ത്രിക്കും മന്ത്രിയുടെ കുടുംബാംഗങ്ങൾക്കും വേണ്ടി മെഡിക്കൽ ആനുകൂല്യ ഇനത്തിൽ ഖജനാവിൽനിന്നും വാങ്ങിയ തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. ‡

കേരളത്തിലെ ഐ. എ. എസ്. കേഡറിലുള്ള ഉദ്യോഗസ്ഥൻമാർ

11 [15] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ. എ. എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ ഇന്ന് നിലവിലുണ്ട് ;

(ബി) കേരളത്തിൽ ഐ. പി. എസ്. കേഡറിൽ എത്ര ഉദ്യോഗസ്ഥൻമാർ നിലവിലുണ്ട് ;

(സി) അന്യ സംസ്ഥാനങ്ങളിൽ അലോട്ട് ചെയ്തിരുന്നതിൽ കേരളത്തിലേക്ക് അലോട്ട് ചെയ്തിട്ടുള്ള എത്ര പേരവരിലുണ്ട് ;

(ഡി) ഒരു നിശ്ചിതകാലയളവ് കഴിഞ്ഞാൽ സ്വന്തം സംസ്ഥാനത്തേക്ക് വരുവാൻ താൽപര്യമുള്ളവരെ അലോട്ടുചെയ്യുവാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുവാനുള്ള നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) 145

(ബി) 83

(സി) ഐ. എ. എസ്. 2, ഐ. പി. എസ്. 1

† അനുബന്ധം—II

‡ അനുബന്ധം—III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഐ. എ. എസ്. ഐ. പി. എസ്. തുടങ്ങിയവയുടെ അഖിലേൻഡ്യാ സ്വഭാവം പരിഗണിച്ചും കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ നയം അനുസരിച്ചും ഇത്തരം ഒരു നടപടി ഉചിതമായിരിക്കുകയില്ല.

## തലശ്ശേരി തീവണ്ടിയപകടം

12 [16] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ഉൽസവദിവസമുണ്ടായ തീവണ്ടിയപകടത്തിൽ എത്രപേർ മരിച്ചു ; എത്രപേർക്ക് പരിക്കുപറ്റി ;

(ബി) മരിച്ചവർക്കും പരിക്കുപറ്റിയവർക്കും ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ നൽകി ;

(സി) സംസ്ഥാന ഗവൺമെന്റ് നൽകിയ സംഖ്യയുടെ അടിസ്ഥാനത്തിലാണോ കേന്ദ്രഗവൺമെന്റ് സഹായം നൽകിയത് ;

(ഡി) പോണ്ടിച്ചേരി ഗവൺമെന്റ് 6,000 രൂപ വീതം സഹായധനം നൽകിയതുപോലെ സംസ്ഥാനഗവൺമെന്റും 6,000 രൂപ വീതം സഹായം നൽകാൻ നടപടികൾ എടുക്കുമോ ;

(ഇ) ഇത്തരം ദുരന്ത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടികൾ എടുക്കാനാണ് ഉദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) 27 പേർ മരിച്ചു.
8 പേർക്ക് പരിക്കുപറ്റി.
2 പേർക്ക് ഗുരുതരമായ പരിക്കും 6 പേർക്ക് സാരമായ പരിക്കും പറ്റി.

(ബി) മരിച്ചവരുടെ വസതിയിലുള്ള കുടുംബാംഗങ്ങൾക്ക് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 3,000 രൂപ വീതവും വളരെ ഗുരുതരമായ പരിക്കേറ്റ രണ്ടുപേർക്ക് 1,000 രൂപ വീതവും ശേഷിക്കുന്ന 6 പേർക്ക് 500 രൂപ വീതവും സഹായധനം നൽകുകയുണ്ടായി.

കൂടാതെ പരിക്കുപറ്റിയവരേയും മൃതദേഹങ്ങളേയും ആശുപത്രികളിൽ എത്തിക്കുന്നതിനും മൃതദേഹങ്ങൾ വീടുകളിൽ എത്തിക്കുന്നതിനും ആവശ്യമായ ആമ്പുലൻസുവാനുകളും സംസ്ഥാന സർക്കാർ ഏർപ്പെടുത്തിക്കൊടുത്തു.

(സി) സംസ്ഥാന ഗവൺമെന്റ് നൽകിയ സഹായം കൂടാതെ റെയിൽവേയിൽനിന്നും പ്രത്യേകമായി ഈ അപകടത്തിൽ മരിച്ച ആളുകളുടെ കുടുംബത്തിന് 3,000 രൂപ വീതവും ഗുരുതരമായ പരുക്കുപറ്റിയ 2 ആളുകൾക്ക് 1,000 രൂപ വീതവും മറ്റ് 6 പേർക്ക് 500 രൂപ വീതവും എക്സ്ഗ്രേഷ്യാ സഹായം നൽകിയിട്ടുണ്ട്.

(ഡി) പോണ്ടിച്ചേരി ഗവൺമെന്റ് എത്ര സഹായധനം നൽകി എന്ന് അറിയില്ല. കേരള ഗവൺമെന്റ് നൽകാൻ തീരുമാനിച്ച് സഹായം നൽകിയിട്ടുണ്ട്.

(ഇ) അപകടം ഉണ്ടായ സാഹചര്യവും കാരണങ്ങളും കണ്ടുപിടിക്കാൻ റയിൽവേ സേഫ്റ്റി കമ്മീഷണർ, സൗത്തേൺ സർക്കിൾ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിനുശേഷം അതിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly